# Syro-Malabar Eparchy of St. Thomas the Apostle, Melbourne

MY LORD MY GOD

Prot.No.MPL: 2/23/76

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ മെൽബൺ രൂപതയുടെ അടുത്ത മെത്രാനായി ബഹുമാനപ്പെട്ട ജോൺ പനന്തോട്ടത്തിൽ (സി എം ഐ) അച്ചനെ നിയമിച്ച വിവരം ഏറെ സന്തോഷത്തോടെ നിങ്ങളുമായി പങ്കു വയ്ക്കട്ടെ. മെത്രാഭിഷേക തീയതി പിന്നീട് അറിയിക്കുന്നതാണ്. നിയുക്ത മെത്രാനുവേണ്ടി നിങ്ങൾ എല്ലാവരുടെയും പ്രാർത്ഥന ഞാൻ അഭ്യർത്ഥിക്കുന്നു.

1966 മെയ് 31ന് തലശ്ശേരി അതിരൂപതയിലെ പേരാവൂർ ഇടവകയിൽ പരേതരായ ജോസഫിന്റെയും ത്രേസ്യായുടെയും മകനായി ബഹുമാനപ്പെട്ട ജോൺ പനന്തോട്ടത്തിൽ അച്ചൻ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം സി എം ഐ സഭയുടെ കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിൽ ചേർന്നു. മേരിക്കുന്ന് സെന്റ് തോമസ് നൊവിഷ്യേറ്റ് ഹൗസിലാണ് നൊവിഷ്യേറ്റ് പൂർത്തിയാക്കിയത്. ബെംഗളൂരു ധർമാരാം കോളേജിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും അഭ്യസിച്ചു. 1997 ഡിസംബർ 26നായിരുന്നു പൗരോഹിത്യസ്വീകരണം. താമരശ്ശേരി രൂപതയിൽ കൂടരഞ്ഞി ഇടവകയിലെ സഹവികാരിയായിട്ടായിരുന്നു ആദ്യ നിയമനം. തുടർന്ന് ഇംഗ്ലീഷ് ഭാഷയിൽ ബിരുദാനന്തര ബിരുദവും എം എഡും കരസ്ഥമാക്കി.

സി എം ഐ സഭയുടെ കോഴിക്കോട് പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ സുപ്പീരിയറായി രണ്ടു തവണ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അച്ചൻ വിദേശരാജ്യങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കയിലെ നാഷ്‌വിൽ ലത്തീൻ രൂപതയിലെ സേവനത്തിനു ശേഷം ഓസ്ട്രേലിയയിൽ ബ്രിസ്ബെൻ അതിരൂപതയിലെ സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിലും റീജെന്റ്സ് പാർക്കിലെ സെന്റ് ബെർനഡൈൻ പള്ളിയിലും സഹവികാരിയായി സേവനം ചെയ്തു. തുടർന്ന് ആസ്പ് ലിയിലെ ഔർ ലേഡി ആൻഡ് സെന്റ് ഡിംപ്‌നാ പള്ളിയിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്.

2020ൽ കേരളത്തിലേക്ക് മടങ്ങിപ്പോയ ബഹുമാനപ്പെട്ട ജോൺ അച്ചൻ മാനന്തവാടി രൂപതയിൽ നിരവിൽപുഴയിലെ സെന്റ് ഏലിയാസ് ആശ്രമത്തിന്റെ പ്രിയോറായും സെന്റ് ഏലിയാസ് പള്ളിയുടെ വികാരിയായും സേവനം ചെയ്തുവരുന്നതിനോടൊപ്പം മക്കിയാടുള്ള സെന്റ് ബെനെഡിക്റ്റൈൻ ആശ്രമത്തിൽ ഇംഗ്ലീഷ് അദ്ധ്യാപനവും നിർവ്വഹിക്കുന്നുണ്ട്.

നിയുക്തമെത്രാനുവേണ്ടിയും നമ്മുടെ രൂപതയ്ക്കുവേണ്ടിയും നിങ്ങൾ എല്ലാവരുടെയും പ്രാർത്ഥനാസഹായം ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട്,

നിങ്ങളുടെ പിതാവ്,
+ബോസ്കോ പുത്തൂർ

2023 ജനുവരി 14

NB: ഈ സർക്കുലർ 2023 ജനുവരി 15ന് (ഞായർ) കുർബാനയ്ക്കിടെ വായിക്കേണ്ടതാണ്.